


# ജി.എ.പി.എച്ച്.എസ്.എസ്
# എലപ്പുള്ളി

## സ്കൂൾ മാഗസിൻ
## 2019-2020




വര: അഖിൽ എ

# മുഖമൊഴി

മഞ്ഞും മഴയും വേനലുമേറ്റ് വിടരാനായി നിൽക്കുന്ന കൊച്ചു പൂമൊട്ടുകളാണ് ഞങ്ങൾ. ഞങ്ങളുടെ രുചികളും ആശയങ്ങളും കാഴ്ചപ്പാടുകളും ഈ മാഗസിൻെറ ഇതളു കളിലൂടെ ഞങ്ങൾ നിങ്ങൾക്കായി കാഴ്ചവെക്കുന്നു. എല്ലാ രീതിയിലും അവയെ മനോഹരമാക്കാനും ആകർ ഷകമാക്കാനും ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്. നിങ്ങൾ നിറഞ്ഞ ഹ്റദയത്തോടെ ഏറ്റെടുക്കുമെന്ന പ്രതീക്ഷയിൽ...........

**ഷഹാന ഷെറിൻ**
**സ്റ്റുഡൻഡ് എഡിറ്റർ**



# Editorial

We are very happy to ensure that this magazine has successfully accomplished its objective. The reflection of the students' creativity and achievements is the epitome of the magazine. This digital magazine is rich with the thoughts, ideas and artistic talents of our students. This school attains its eminence in the first place through the achievement of children. This magazine also reflects the school spirit which is built up through the collective thoughts, actions and aspirations. It is indeed a pious attempt to make our budding talents give shape to their creativity. We are sure that the positive attitude, hard works, sustained efforts and innovative ideas exhibited by our young buddies will surely stir the mind of the readers and will take them to a world of joy and pleasure. This humble initiative is to set the budding minds free allowing them to roam free in the realm of imagination and reference to create a world of beauty in words.

We are really proud and exuberant to acclaim that we are ready with all new hopes and hues to bring out the issue which will surely unfold the most unforgettable and precious moments of the school.

We the Editorial Board, thank all the contributors for making this digital magazine endearing with our readers

**Mrs.Srikala V K**
**Miss. Sudhakumari G S**
**Staff Editors**





## Editorial board

**Chief editor**
Mrs. Mercy Kutty

**Staff Editors**
Mrs. Srikala V K
Miss. Sudhakumari G S

**Technical Support**
Mrs. Indu V
Mrs. Deepa C

**Student Editor**
Shahana Sherin

**Editorial Board Members**
Akhil A
Amritha R
Aswathi M
Akshay C
Jithin C
Fasna A
Fathima Farhana H

**Layout & Designing**
Akhil A

**Printing**
Little kittes





വിദ്യാർത്ഥികളുടെ സാങ്കേതികാഭിരുചിയും സർഗാത്മകതയും സമന്വയിക്കുന്ന ഈ 'മഷിത്തണ്ടിന്'' മനം നിറഞ്ഞ ഭാവുകങ്ങൾ നേരുന്നു. പൊതുവിദ്യാലയ മികവിന്റെ സാക്ഷ്യപത്രമായി ഈ മാഗസിൻ ചരിത്രത്താളുകളിൽ ഇടംപിടിക്കട്ടെ.........

**മേഴ്സിക്കുട്ടി പി വി**
**ഹെഡ്മിസ്ട്രസ്സ്**



സാങ്കേതികനൈപുണിയുടേയും സർഗാത്മകതയുടേയും സമ്മേളനമായ ഡിജിറ്റൽ മാഗസിൻ ഈ വർഷവും നമ്മുടെ വിദ്യാലയം തയ്യാറാക്കിയിരിക്കുന്നുവെന്നത് സന്തോഷം പകരുന്നു. ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും എൻെറ അഭിനന്ദനങ്ങളും ഒപ്പം ആശംസകളും.........

**വത്സല പി**
**പ്രിൻസിപ്പൽ**



സമ്പൂർണ ഹൈടെക്ക് ആയ നമ്മുടെ വിദ്യാലയത്തിൻെറ ചരിത്രതാളുകളിൽ വീണ്ടുമിതാ..... നൂതന സാങ്കേതിക വിദ്യയുടെ അടയാളപ്പെടുത്തലുമായി ഡിജിറ്റൽ മാഗസിൻ. പുത്തൻ ആശയങ്ങളുടേയും പുതിയകാലത്തിൻേറയും ശബ്ദമാണിത്. സർഗാത്മകതയെ തൊട്ടുണർത്തുക മാത്രമല്ല, അവ മങ്ങാത്ത മഷികളിൽ ഡിജിറ്റൽ താളുകളിൽ സൂക്ഷിച്ചുവെയ്ക്കാനുള്ള ശ്രമം കൂടിയാണിത്. ഈ ശ്രമത്തിനു പിന്നിലെ കുരുന്നു കരങ്ങൾക്കും അതിനു കരുത്തുപകർന്ന അധ്യാപകർക്കും എൻെറ അഭിനന്ദനങ്ങൾ.

**ആശംസകളോടെ....**

**ബാലകൃഷ്ണൻ**

**പി.ടി.എ പ്രസിഡൻ്ഡ്**

# സ്മരണാഞ്ജലി



സ്വാതിക 8 B

വിടർന്ന കൺകളിൽ
ഒരു ജന്മത്തിൻ സ്വപ്നനിറവ്
പതിഞ്ഞ വാക്കുകളിൽ
തെന്നലിൻ ശാന്തത
നേർത്ത വിരൽത്തുമ്പുകൾക്ക്
ഒപ്പമെത്താനുള്ള തിടുക്കം.
നിൻ പുഞ്ചിരിയിൽ
ഒളിഞ്ഞിരിക്കുന്ന വേദന
നീ ബാക്കി വെച്ച ശൂന്യത
ഉള്ളിലെ വിങ്ങലായ്
സാത്വിക ജ്യോതിസ്സായ്
ഒരു തിരിനാളമായ്
എന്നുമൊരോർമ്മയായ്...

# താളുകളിൽ...


* -- മഴ പെയ്തു തുടങ്ങി

* -- ഒരുമിച്ച്, സ്വപ്നം

* -- വിസ്മയച്ചെപ്പുതുറന്നപ്പോൾ-ഞങ്ങളുടെ സ്വന്തം മേഴ്സി ടീച്ചർ

* -- എന്റെ സ്വന്തം കുന്നിക്കുരുവിന്

* -- दो गधों का बोझ

* -- Its our Nature , The birth and death of night

* -- അമ്മ

* -- A  speech on the curse of child labour

* --दोस्ती

* -- ചങ്ങാതി

* -- ചിങ്ങമഴ

* -- പാഴ്‌വസ്തു

* -- അച്ഛൻ തന്ന സമ്മാനം

* -- ഉണ്ണിക്കണ്ണൻ

* -- Something Special

* -- Tongue Twister, See this Magic

* --एक सपने

* -- My dear Mom

* -- Culture of kerala

* -- World Peace

* -- ഓണം

* -- വിദ്യാലയം പ്രതിഭയ്ക്കൊപ്പം -അഭിമുഖം

* -- The Story Of Me

* -- Thoughts, Behind the Smile

* -- ഗണിതം ഓട്ടൻതുള്ളൽ

# മഴപെയ്തുതുടങ്ങി





മഴ പെയ്തുതുടങ്ങി പുൽനാമ്പുകളിലൂടെ, വറ്റി കിടക്കുന്ന ഭൂമിയുടെ മാറിലൂടെ ,വാടി കിടക്കുന്ന അവളുടെ മനസ്സിലൂടെ ,മഴ കനക്കുകയാണ്. മഴ എന്നും അവൾക്ക് കൗതുകമുണർത്തുന്ന കാഴ്ചയാണ്. മഴയത്തിറങ്ങി നടക്കാനും കളിച്ചു തിമിർക്കാനും അവൾക്ക് വല്ലാത്ത ഇഷ്ടമായിരുന്നു. എന്നാൽ അവളുടെ ഈ മോഹം പൂവണിയുന്നത് സ്കൂളിലേക്ക് പോവുമ്പോഴും മടങ്ങി വരുമ്പോഴും ആയിരുന്നു. ഇറയത്തു നിന്നു മാത്രമേ അവൾ വീട്ടിൽ മഴ കണ്ടിട്ടുള്ളൂ. അവൾ മഴയത്തേക്ക് ഇറങ്ങാൻ തുടങ്ങുമ്പോഴേക്കും തന്നെ അടുക്കളയിൽ നിന്ന് അമ്മ ഓടിയെത്തുമായിരുന്നു "കുഞ്ഞൂ, മഴയത്ത് കളിക്കാൻ നിൽക്കാതെ വേഗം വീടിനകത്തേക്ക് കയറിക്കോ ഇല്ലെങ്കിൽ ഞാനിപ്പോൾ വടിയുമായി അങ്ങോട്ടു വരും കേട്ടോ?" അവൾ കടിഞ്ഞാണില്ലാത്ത കുതിര പോലെ പായുന്ന തൻെറ മനസ്സിനെ പിടിച്ചുകെട്ടി ഇറയത്തേക്കു കയറി മഴയോട് കിന്നാരം പറയും.
മഴതിമിർത്തുപെയ്യുകയാണ് അചഛൻെറ ജീവിതത്തിൽ ശൂന്യത നിറഞ്ഞു കഴിഞ്ഞിരിക്കുന്നു. ചാരുകസേരയിലിരിക്കുന്ന അച്ഛൻെറ കണ്ണുകളിലും മഴപെയ്തുതുടങ്ങിയോ ആവോ? അവൾ വീടിൻെറ മുറ്റത്തേക്കിറങ്ങി മഴയിലൂടെ നടന്നു. മഴ അവളെ കുളിപ്പിച്ചു. അപ്പോൾ അവളെ ആരും വഴക്കുപറയുകയോ തിരിച്ചു വിളിക്കുകയോ ചെയ്തില്ല. അടുക്കളയിൽ നിന്ന് പാത്രങ്ങൾ താനേ താഴേ വീണു.............അപ്പോഴും മഴ തിമർത്തുപെയ്യുകയായിരുന്നു..................

**സരിഗ.എസ്**
**10.E**





## മരണം

ഇവിടെ മരണം
നിരോധിക്കപ്പെട്ടിരിക്കുന്നു
ഇനി മുതൽ മരണമില്ല.
കരച്ചിലുകളും നിലവിളികളുമില്ല.
'' എന്നേം കൂടെ കൊണ്ടുപോണേ''
എന്ന അപേക്ഷകളുമില്ല.



## സ്വപ്നം

കരയുന്ന പക്ഷികൾക്കും
ചിരിക്കുന്ന മേഘങ്ങൾക്കും
പുഴയായി ഒഴുകുന്ന മഴവില്ലിനും
ജീവന്റെ തുടിപ്പേകിയ
ഉറക്കത്തിന്റെ പുത്രി-സ്വപ്നം

—ആമി ആൻ സിയ

10B

# വിസ്മയയെപ്പുതുറന്നപ്പോൾ.......
## -ഞങ്ങളുടെ സ്വന്തം മേഴ്സി ടീച്ചർ

സ്കൂൾ മാഗസിനിലേക്കായി പ്രധാന അദ്ധ്യാപിക മേഴ്സിക്കുട്ടി ടീച്ചറുമായി സംസാരിക്കുകയുണ്ടായി. ടീച്ചറുടെ കുട്ടിക്കാലം, അധ്യാപനജീവിതം തുടങ്ങിയവയിലേക്ക് വെളിച്ചം വീശുന്ന ഈ സംസാരത്തിലൂടെ ടീച്ചറുടെ ജീവിതത്തിലെ തിളക്കമാർന്ന ചില നിമിഷങ്ങൾ ഞങ്ങളുമായി പങ്കുവെച്ചു.

## കുട്ടിക്കാലം...

പാലാ പാറപ്പള്ളിയിൽ ജനനം. അച്ഛന്റെയും അമ്മയുടെയും അഞ്ചു മക്കളിൽ ഇളയകുട്ടിയായിരുന്നു. വീടിനു തൊട്ടടുത്തുള്ള ഗവ. എൽ.പി സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം നേടി. പാലാ സെന്റ് മേരീസ് ഹൈസ്കൂളിലായിരുന്നു ഹൈസ്കൂൾ വിദ്യാഭ്യാസം. പത്താം ക്ലാസ്സിൽ പഠിക്കുമ്പോൾ സ്കൂൾ ലീഡറായിരുന്നു. അൽഫോൺസാ കോളേജിൽ ഉപരിപഠനം നടത്തി. ചെറുപ്രായത്തിൽ തന്നെ മനസ്സിൽ മൊട്ടിട്ട മോഹമായിരുന്നു അദ്ധ്യാപികയാവുക എന്നത്. അതിനായി ബി.എഡ് കോഴ്സ് ചെയ്തു. മാതാപിതാക്കളായിരുന്നു മാതൃക.



## മാതൃകയാവുന്ന അധ്യാപനം...

1986 ൽ ഗണിതശാസ്ത്രാധ്യാപികയായി ജോലിയിൽ പ്രവേശിച്ചു. 1992-2001 വരെ കൊടുവായൂർ സ്കൂളിൽ സേവനമനുഷ്ഠിച്ചു. 2001 മുതൽ 2013 വരെ മോയൻസ് സ്കൂളിൽ അധ്യാപികയായി പ്രവർത്തിച്ചു. 2003-2004 കാലയളവിൽ SITC യായി പ്രവർത്തിക്കാൻ തുടങ്ങി. ടീച്ചറുടെ കാലയളവിലാണ് മോയൻസ് സ്കൂൾ ഒരു മാതൃകാ ഐ.ടി സ്കൂളായി മാറിയത്. ഐ.ടി ഒരു പഠന വിഷയമായി കടന്നു വന്ന കാലത്തിൽ ടീച്ചറുടെ ക്രിയാത്മകമായ ഇടപെടലുകൾ ആ വിഷയത്തെ വളരെ പെട്ടെന്ന് കുട്ടികളിലെത്തിക്കാനും ഐ.ടി മത്സരങ്ങളിൽ സ്ഥിരമായി പങ്കെടുപ്പിക്കാനും സമ്മാനം നേടാനും സാധിച്ചു. പൊതുവെ കടുകട്ടിയായി കരുതുന്ന ഗണിതം ലളിതമായി അവതരിപ്പിക്കാനും കുട്ടികളുടെ പ്രിയ അധ്യാപികയായി മാറാനും സാധിച്ചു.

2013 ൽ പ്രമോഷൻ ലഭിച്ച് മട്ടാഞ്ചേരി എ.ഇ.ഒ ആയി ജോലിയിൽ പ്രവേശിച്ചു. പാലക്കാട് ജില്ലയിലേക്ക് സ്ഥലംമാറ്റമായി വന്നതിനുശേഷം എ.ഇ.ഒ ആയി അപേക്ഷിച്ചെങ്കിലും ബിഗ് ബസാർ സ്കൂളിലെ പ്രധാനാദ്ധ്യാപികയായാണ് മാറ്റം ലഭിച്ചത്.



## ചരിത്രം തിരുത്തി ബിഗ്ബസാർ സ്കൂൾ ...

പാലക്കാട് ജില്ലയിലെ മോശം സ്കൂളുകളിലൊന്നായി ഗണിക്കപ്പെട്ട ബിഗ് ബസാർ സ്കൂളിലേക്കായിരുന്നു ടീച്ചർ കടന്നുവന്നത്. ടീച്ചറുടെ ഔദ്യോഗികജീവിതത്തിലെ വെല്ലുവിളി നിറഞ്ഞ കാലഘട്ടമായിരുന്നു അത്. ഏത് തകർന്ന അവസ്ഥയെയും ഒരു പുഞ്ചിരി കൊണ്ട് നേരിടുന്ന ടീച്ചറുടെ സ്വഭാവവും ഈശ്വരവിശ്വാസവും, മനസ്സാന്നിധ്യം കൈവെടിയാതെ ഈ പ്രതികൂലാവസ്ഥയെ മാറ്റിയെടുക്കാൻ ടീച്ചറെ സഹായിച്ചു. പിന്നീടങ്ങോട്ട് ബിഗ് ബസാർ സ്കൂളിന്റെ വിജയഗാഥയ്ക്കാണ് പാലക്കാട് സാക്ഷ്യം വഹിച്ചത്. തുടർച്ചയായി അഞ്ചുവർഷം എസ്.എസ്.എൽ.സി പരീക്ഷയിൽ നൂറു ശതമാനം നേടാൻ ആ സ്കൂളിനായി. സ്കൂളിന്റെ ചരിത്രത്തിലാദ്യമായി 2019 ൽ എൽ.എസ്.എസ് , യു.എസ്.എസ്, എസ്.എസ്.എൽ.സിക്ക് ഫുൾ A+ എന്നീ നേട്ടങ്ങളിലൂടെ ബിഗ് ബസാർ സ്കൂളിന് മികവ് തെളിയിക്കാൻ സാധിച്ചു.

2010 മുതൽ അംഗീകാരം നഷ്ടമായ എൽ.പി. വിഭാഗത്തിന് പുതുജീവൻ നൽകാനായി പ്രീ-പ്രൈമറി തുടങ്ങുക എന്ന ആശയം പിടിഎയിൽ അവതരിപ്പിക്കുകയും ഷൈലജ ടീച്ചർ സൗജന്യമായി രണ്ടുവർഷം സേവനമനുഷ്ഠിച്ചു. ഇതിന്റെ ഭാഗമായി കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാവുകയും നഷ്ടപ്പെട്ടുപ്പോയ അംഗീകാരം വീണ്ടെടുക്കുകയും ചെയ്തു. ശാസ്ത്രവിഷയങ്ങളോട് ആഭിമുഖ്യം വളർത്താനായി 101പരീക്ഷണങ്ങൾ എന്ന പദ്ധതി നടപ്പിലാക്കി. പുരാവസ്തു പ്രദർശനം, ഭക്ഷ്യമേള തുടങ്ങിയവ സംഘടിപ്പിച്ചു. ഗണിത ലാബ്, ഐ.ടി. ലാബ് എന്നിവ മെച്ചപ്പെടുത്തി. ഗണിത പഠനം എളുപ്പമാക്കാനുള്ള " പല്ലാങ്കുഴി "പദ്ധതി ജില്ലാ തലത്തിൽ ശ്രദ്ധ നേടി. തിളക്കമേറിയ ഈ വിജയങ്ങളുടെയെല്ലാം പിറകിൽ തന്റെ സഹപ്രവർത്തകരുടെ അക്ഷീണപരിശ്രമമാണെന്ന് സ്വതസിദ്ധമായ എളിമയോടെ ടീച്ചർ പറയുന്നു. ജില്ലയിലെ മികച്ച വിദ്യാലയമായി ബിഗ് ബസാറിനെ മാറ്റിയതിനുശേഷമാണ് ടീച്ചർ അവിടം വിടുന്നത്. താൻ തുടങ്ങിവെച്ച പ്രവർത്തനങ്ങൾ തന്റെ സഹപ്രവർത്തകർ ഏറ്റെടുക്കും എന്ന പൂർണ്ണ വിശ്വാസം ടീച്ചർക്കുണ്ട്.

## മാറുന്ന എലപ്പുള്ളി...

നമ്മുടെ വിദ്യാലയത്തിലേക്ക് പ്രധാനാദ്ധ്യാപികയായി വരാനായതിൽ ടീച്ചർ ഏറെ അഭിമാനിക്കുന്നു. കർമ്മനിരതമായ തന്റെ ജീവിതത്തിന് പുതിയ വിദ്യാലയത്തിലും ടീച്ചർ മാറ്റം വരുത്തിയിട്ടില്ല. ഹൈടെക്ക് വിദ്യാലയമായ എലപ്പുള്ളിയുടെ ഏറെ കാലത്തെ സ്വപ്നമായ രണ്ട് ഐ.ടി ലാബ്, അതു പ്രവർത്തിക്കാനാവശ്യമായ ലാപ് ടോപ്പുകൾ, ബെഞ്ച്, ഡെസ്ക് എന്നിവ നേടിയെടുക്കുകയായിരുന്നു ടീച്ചറുടെ ആദ്യത്തെ ലക്ഷ്യം. ഉച്ചഭക്ഷണപരിപാടി നവീകരിക്കുകയായിരുന്നു ടീച്ചറുടെ അടുത്ത ലക്ഷ്യം. പതിവുരീതിയിൽ നിന്നു മാറി പ്രധാനാധ്യാപികയും അധ്യാപകരും വിളമ്പുകയും കുട്ടികള് ആസ്വദിച്ച് കഴിക്കുകയും ചെയ്യുന്ന കാഴ്ച എലപ്പുള്ളിക്ക് പുതുമയുള്ള കാഴ്ചയായിരുന്നു. ഇടുങ്ങിയ ഒരു വായനാമുറിയിൽ നിന്നും വിശാലമായ വായനാഹാളിലേക്ക് സ്കൂൾ ലൈബ്രറി മാറിയതും ടീച്ചറുടെ നേട്ടമായി പറയാം. സ്കൂളിന്റെ ആവശ്യങ്ങൾക്കായി ഏതറ്റം വരെയും പോകാൻ ടീച്ചർക്ക് യാതൊരു മടിയുമില്ല.

## സന്ദേശം...

മാറിയ കാലഘട്ടത്തിനനുസരിച്ച് മാതാപിതാക്കളും മാറിയിട്ടുണ്ട്. പണ്ട് ഒരു കുടുംബത്തിൽ കുട്ടികളുടെ എണ്ണം കൂടുതലായിരുന്നു. അതിനാൽ മാതാപിതാക്കൾ അമിതശ്രദ്ധ കൊടുത്തിരുന്നില്ല. കുട്ടികൾ സ്വയംപ്രാപ്തരായാണ് വളർന്നിരുന്നത്. എന്നാലിന്ന് അതല്ല സാഹചര്യം. കുടുംബത്തിലെ ഒന്നോ രണ്ടോ കുഞ്ഞുങ്ങളുടെ പിറകെ അമിതശ്രദ്ധാലുക്കളായി മാതാപിതാക്കൾ മാറിയിരിക്കുന്നു. ഇന്നത്തെ കുട്ടികളോട് ടീച്ചർക്ക് പറയാനുള്ളതിതാണ് , ഏതു വിഷയത്തെയും പോസിറ്റീവായി കാണാൻ ശീലിക്കണം, എല്ലാത്തിലും നന്മ കാണാനാവണം. കൃത്യമായ ലക്ഷ്യബോധത്തോടുകൂടി പ്രവർത്തിക്കുക അതിലൂടെ സമൂഹത്തിന് നന്മയായി ഭവിക്കുക.

**തയ്യാറാക്കിയവർ: നിമിഷ, അനുശ്രീ, ശ്രീലക്ഷമി 9C, ആതിര 9A**

---

## നന്മയുടെ വെളിച്ചം

എൻെറ ക്ലാസിലെ എല്ലാവർക്കും കുടയുണ്ട് എനിക്ക് മാത്രം ഇല്ല. എന്തായാലും എനിക്ക് കുട ലഭിച്ചേ പറ്റൂ എന്നവൾ വേവലാതി പൂണ്ടു. അമ്മ ഉള്ളതു പറഞ്ഞു. ഈ വീട്ടിലെ കഷ്ടപ്പാട് നിനക്കറിയാമല്ലോ. ഒരു നേരത്തെ അന്നത്തിനു പോലും വകയില്ലാതെ കഴിയുമ്പോൾ എൻെറ മോൾടെ ഈ ആവശ്യം എനിക്ക് നിറവേററാൻ സാധിക്കുമോ? ലക്ഷ്മിയുടെ സങ്കടം അനുവിനെ അറിയിച്ചു.അനുവിന് അമ്മയുടെ വാക്കുകൾ കേട്ടപ്പോൾ മനസൊന്ന പിടഞ്ഞു. മറേറാരു സ്കൂൾ ദിവസം. മഴ വരുമോ എന്ന് അനു പേടിച്ചിരുന്നു. വരാതിരിക്കാൻ അവൾ പ്രാർത്ഥിച്ചു. അനു ഓടി ഓടി സ്കൂളിൽ എത്തി. ഭാഗ്യം മഴ വന്നില്ല എന്നവൾ ആശ്വസിച്ചു. അവൾ ക്ലാസിൽ കയറിയിരിക്കുന്നതിന് മുൻപ് അഷിത ടീച്ചർ അവളോട് ചോദിച്ചു. എന്താ മോളെ ഇന്നലെ നീ നനഞ്ഞ് സ്കൂളിൽ വന്നത് ? അനു അവളുടെ വിഷമം വെളിപ്പെടുത്തി. എന്നിട്ടവൾ ക്ലാസ് കഴിഞ്ഞ് വീട്ടിലേക്ക് മടങ്ങി. അഷിത ടീച്ചർ വീട്ടിൽ ചെന്നപ്പോഴാണ് അക്കാര്യം ഓർത്തത്. അനുവിന് ഒരു കൊച്ചു പുള്ളികുട സമ്മാനമായി വാങ്ങിച്ചു കൊടുക്കണം. അടുത്ത ദിവസം അനുവിന് ആ സമ്മാനം നൽകി. അനുവിൻെറ സന്തോഷം കാണുകതന്നെ വേണമായിരുന്നു. അനു അപ്പോൾ തന്നെ വീട്ടിൽ ചെന്ന് അമ്മയ്ക്ക് കാണിച്ചുകൊടുത്തു. എന്തു നല്ല മനസാണ് ആ ടീച്ചർക്കുള്ളത്. നന്മയുള്ള മനസിനെ നല്ലത് ചെയ്യാനാവൂ. അനു കുടയെടുത്ത് സ്കൂളിലേക്ക് പുറപ്പെടാൻ തുടങ്ങി.

**ഭദ്ര ബി 9D**

# दो गधों का बोझ



एक बार बादशाह अकबर अपने पुत्र और बीरबल
के साथ कही घूमने जा रहे थे। पिता -पुत्र दोनों ने अपनी पुस्तक
तथा पानदान बीरबल को थमा दिया। बादशाह ने बीरबल का मज़ाक
बनाया। अब तो तुम पर एक गधे का बोझ हो गया है, बीरबल। लेकिन
बीरबल ने तुरंत ही उत्तर दिया - " एक गधे का नहीं हुज़ूर दो गधो का
बोझ हो गया है। यह सुनकर बादशाह झेव गए।वे बीरवल
का अर्थ समझ गए कि बीरबल ने किस सफाई से पिता और पुत्र दोनों
को गधा कह दिया।

**Anujith.T**
**10.A**



## എൻെറ സ്വന്തം കുന്നിക്കുരുവിന്

2005 ഏപ്രിൽ 2ന് ആണ് ഞാൻ അവനെ ആദ്യമായി കാണുന്നത്. ഒരു പിടി കുന്നിക്കുരുക്കളുമായി അവൻെറ സൗഹൃദത്തിന് തുടക്കം കുറിച്ചു. മഞ്ചാടിക്കുരുവിൻെറ ചുവന്ന നിറത്തെ ഞാൻ ആസ്വാദിച്ചപ്പോൾ, അവനെന്നെ പഠിപ്പിച്ചത് കുന്നിക്കുരുവിലെ കറുത്ത സൗന്ദര്യത്തെ ആസ്വദിക്കാനാണ്. അമ്മമ്മയുടെ വിട്ടിലെ വേലക്കാരിയുടെ മകൻ എന്ന താഴ്ന്നപേര് നൽകാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കാരണം ഒരു സുഹൃത്ത് എന്നതിനപ്പുറം അവൻ നല്ലൊരു വഴികാട്ടിയായിരുന്നു. എന്നെക്കാൾ ഒരുവയസ്സ് മൂത്ത അവൻെറ ചിന്തകൾ പഠിക്കാനായി മാത്രം ഒരുക്കി വച്ചു. കാലങ്ങൾക്കുശേഷം എല്ലാം തിരക്കുകളും മറന്ന് ഇത് ഞാൻ ഓർക്കുന്നത് അവൻെറ വെള്ള പുതച്ച ശരിരത്തിനടുത്ത് നിന്നാണ്. ബാല്യത്തിന് എന്ത് മധുരം. ബോധമുദിക്കാത്ത കാലത്ത് നാം പങ്കിട്ട ഓർമ്മകൾ ഓർത്ത് ചിതക്കു മുന്നിൽ വിതുമ്പാൻ മാത്രമേ സാധിക്കൂ. ഒരുപിടി കുന്നിക്കുരുവുമായി ഈ കൂട്ടുകാരി എന്നും ഉണ്ടാവും.

**പൂജ എസ്**
**10 E**

## ITS OUR NATURE



The sun starts a day
adorable beauty it may,
with lot of pleasure
that, man cannot measure.

The flower exist just one day
But it always smile to give a way,
The flow of river is a rhythm
give a quite song to them.



The night have a beauty
that its duty,
In the presence of stars
the birth of night starts.

Its our nature
for all living creature,
To give calm & merry
like a sweet cherry.

## THE BIRTH AND DEATH OF NIGHT



By the death of a day
the night get a way
with the thickness of black
By the name of dark......

By the arrival of night
starts the duty of light
By the birth of light
the truth become bright.....

**Akshay C**
**9 C**




## അമ്മ

നീയെൻ അമ്മ
പ്രകൃതിയാവുന്ന അമ്മ
നിൻ മടിതട്ടിൽ ചാഞ്ഞുറങ്ങാൻ
ഞാൻ കൊതിച്ചു കൊതിച്ചുകൊണ്ടിരിക്കുന്നു
നിൻെറ ആലോലമായ കാറ്റ്
എന്നെ തരളിതയാക്കി
ഇലകളുടെ മർമ്മരങ്ങൾ
താരാട്ടുപാട്ടുപോലെയെൻ ചെവിയിൽ മുഴങ്ങി

നിൻ മുലപാലായ
ജലമെൻ ദാഹം തീർത്തു
ഇരുട്ടിൽ നിന്നാണ് പ്രകാശത്തിൻെറ
ഉൽഭവം എന്നു എന്നെ പഠിപ്പിച്ചു
കണിക്കൊന്ന പൂവിലൂടെ
വെയിലിനെ അതിജീവിക്കാൻ
എന്നെ പഠിപ്പിച്ചു
സ്വന്തം ജീവിതത്തെയും

**ആര്യ എം**
**10 B**






മനസ്സിൻെറ മന്ത്രത്തിൽ ചാലിച്ച
ചിത്രത്തിൽ
മായാത്ത മാണിക്യകല്ലുപോലെ
കനിവോലും ആ സ്നേഹസ്പർശത്തിൽ
സംഗീതമെന്നപോലെ.......
ആ സൗഭാഗ്യമാണെൻെറ അമ്മ.
പരിഭവത്തിൽ തലോടലുകളും
വാത്സല്യത്തിൻ തണലുകളും
താങ്ങായ് ചൊരിയുമെന്നമ്മ.
ഒരിക്കലും അണയാത്ത ആ
ദീപ നാളത്തെ നമിക്കുന്നു ഞാൻ.

**ആര്യ ജി**
**8 C**

# A SPEECH ON
# "ON THE CURSE OF CHILD LABOUR"



A warm goodmorning to all of you.

I am very happy to share a few of my thoughts with you about the topic "child labour".

In our country many children are forced to work. They don't get a chance to attend school. There are many industries which employ our children. Their innocent eyes are filled with tears. The hands that should hold a pen are now doing with heavy machines.

Child labour is a curse to the children who are forced to do trivial manual jobs, for little financial payment in exchange. It denies their child hood of freedom,education and health. If we think about the reasons for these evils,we may understand that, poverty insecurity and greed for income are the reasons for the child labour. We know the fact that Govt. have made child labour punishable by law. Right to Education Act make education free and compulsory up to 14. So dear friends, it is our duty to react to such evils and to eradicate them. Poverty and illiteracy are the main causes of child labour. Children engaged in child labour, never get an opportunity to go school and are pushed in to a life of misery and poverty.

Immediate measures should be taken by the govt. to create awareness against child labour. Strict action must be taken against those who employ children. Let us join our hands together to remove this evil from our country. With this I would like to conclude my speech, requesting you all to keep up the fight against child labour,if we witness child exploitation in any forms. Future of a nation relies on its children. If the childhood is suffering today,then our nation will suffer tomorrow. So, "Stop Child Labour, Save Children."

**Aswathy.K**
**10 . H**



# दोस्ती




सब कहते है तुम मेरे साया हो
पर में नहीं मानती
साया तो  अंधेरे पड़ते ही
ग़ायब हो जाता है।
पर तुम मेरे जिन्दगी के अंधेरे को
रोशिन में बदल देती हो।

सब कहते है खून का रिश्ता
सबसे ज्यदा  मजबूत हे
पर में नहीं मानती
खून भी तभी दौड़ेगा
जब दिल धड़के।
तो मेरेलिए दिल के  रिश्ते ही
खून के रिश्ते से
ज्यादा अहम और मज़बूत है।
जो कि तुम हो
मेरी दोस्त....।



**Vishnu.A**
**10 B**

# ചങ്ങാതി



ഓരോ കാഴ്ച്ചയും
ഓരോ ഓർമയാകുന്നു
അപ്രതീക്ഷിതങ്ങളുടെ
ഒരു നട്ടുച്ചയിൽ
മിന്നാരങ്ങളുടെ
തണലിൽ വച്ച്
കൊഴിഞ്ഞു വീണ
കൊന്ന പൂക്കളിൽ
എനിക്കെൻെറ
ചങ്ങാതിയെ കിട്ടി
ഞാനാരെന്നോ.....
നീയാരെന്നോ
ചോദിക്കാതെ
സൗഹൃദത്താൽ
എൻെറ കരൾ നിറച്ചു.....

**സഫ എച്ച്**
**8 E**





## ചിങ്ങമഴ



ചിണുങ്ങിവരുന്നൊരു ചിങ്ങമഴ
കുളിരുവിതയ്ക്കാൻ നീ പോരൂ
കരകൾ പുഴകൾ കാക്കുന്നു
പുളകം കൊള്ളാൻ നോക്കുന്നു.
കാവുകൾ നിന്നെ വിളിക്കുന്നു
കാടുകൾ ദാഹം കൊള്ളുന്നു
കേദാരങ്ങൾ കലമ്പുന്നു
കർഷകർ കളിയായ് ചൊല്ലുന്നു
"ചിങ്ങത്തിലെ മഴ ചിണുങ്ങിച്ചിണുങ്ങി
ചിങ്ങത്തിലെ മഴ കരഞ്ഞും ചിരിച്ചും"
ചിണുങ്ങി വരുന്നൊരു ചിങ്ങമഴേ
കുളിരു വിതയ്ക്കാൻ നീ പോരൂ....

**ഷാഫിറ എ**
**8 J**

## പാഴ് വസ്തു

ആ അമ്മയുടെ കണ്ണുകളിൽ കണ്ണുനീർത്തുള്ളികൾ ഓടിക്കളിക്കുകയായിരുന്നു. തന്റെ രക്തത്തിൽ നിന്നുണ്ടായ തന്റെ സ്വന്തം മകൻ, തന്നോട് ഇങ്ങനെ ചെയ്യുമെന്ന് വിചാരിച്ചതുപോലുമില്ല. ആ അമ്മയുടെ കണ്ണുനീർത്തുള്ളികൾക്ക് ഒരു ഒഴിവുണ്ടായിരുന്നില്ല. തോരാത്ത മഴപോലെ അത് പെയ്തുകൊണ്ടിരുന്നു. അവനു വേണ്ടി തന്റെ ജീവൻ പോലും കൊടുക്കാൻ തയ്യാറായിട്ടും പെട്ടെന്ന് കേറിവന്ന ഒരുത്തിയുടെ വാക്കുകേട്ട് എന്നെയിതാ ഏതോ കൺകാണാത്ത സ്ഥലത്തേക്ക് കൊണ്ടുവിടാൻ പോകുന്നു. തന്റെ മകന് മതിയാവോളം സ്നേഹം പകുത്ത് നൽകാൻ എനിക്ക് കഴിഞ്ഞിരുന്നില്ല. ജോലിത്തിരക്കിനിടയിലും ആ മകൻ മനസ്സിനുള്ളിൽ ഉണ്ടായിരുന്നു. അവസാനം തന്റെ വാർദ്ധക്യകാലത്ത് തനിക്ക് വിധിച്ചത് ഇതായിരിക്കുമെന്ന് ആ അമ്മയ്ക്ക് തോന്നികാണണം. മകനെ ഇനിയും കാണണം,സ്നേഹിക്കണം,മകന്റെ മടിയിൽ തലവച്ച് എന്നന്നേക്കുമായി കണ്ണടക്കണം. എല്ലാസ്വപ്നങ്ങളും ഒറ്റ നിമിഷത്തിൽ അലിഞ്ഞില്ലാതായ് . തന്റെ ജീവിതം ഒരു പാഴ്വസ്തുവിനെ പോലെ ആർക്കും വേണ്ടാത്തതായ് മാറിയിരിക്കുന്നു. ആർക്കും വേണ്ടാത്ത ഒരു പാഴ് ജന്മം...... ആ വാക്ക് ആ അമ്മയുടെ ഹൃദയത്തിൽ വീണ്ടും വീണ്ടും മന്ത്രിച്ച് കൊണ്ടിരുന്നു.

**സമീഹ കെ എം**
**10 B**





# അച്ഛൻ തന്ന സമ്മാനം

അഖിലയും മീനവും കൂടി സ്കൂളിലേക്ക് പോകാൻ തുടങ്ങി. മഴക്കാലമായിരുന്നതിനാൽ നല്ല മഴക്കാർ ഉണ്ടായിരുന്നു. സ്കൂൾ അധിക ദൂരമില്ലെങ്കിലും അവിടെ മഴയെത്തും മുൻപേ എത്തിച്ചേരണമായിരുന്നു. കുടയില്ലാതെയാണ് അഖിലയുടെ സഞ്ചാരം. എന്നാൽ മീനവിന് ഒരു ചെറിയ കുടയുണ്ട്. പല നിറത്തിലുള്ള മുത്തുകൾപിടിപ്പിച്ച വർണമാർന്ന കുട. സ്കൂളിലേക്കുള്ള യാത്ര രണ്ടാളുമൊരുമിച്ച് തുടർന്നു കുറച്ച് നടന്നപ്പോഴേക്കും മഴ പെയ്തു തുടങ്ങി. വേവലാതിപൂണ്ട അഖില സങ്കടപ്പെട്ടു. തനിക്ക് കുടയില്ലെകിൽ എന്താ നിന്നെ എൻെറ ഈ കുടയിൽ നിർത്താമല്ലോ എന്ന മീനവിൻറെ ആശ്വാസ വാക്ക് അവളെ മീനവിലേക്ക് കൂടുതൽ അടുപ്പിച്ചു. ചെറിയ കുടയായതിനാൽ സ്കൂളിലെത്തുമ്പോഴേക്കും നനഞ്ഞുകുളിച്ചു. കുട്ടികളെല്ലാം അവരെ നോക്കി പരിഹസിച്ചു ചിരിച്ചു. അതവളെ മനോവിഷമത്തിലാക്കി . വൈകുന്നേരം അഖില അച്ഛനോട് പറഞ്ഞപ്പോൾ ഒരു നല്ല കുട വാങ്ങിതരാമെന്ന് പറഞ്ഞു. അവൾക്ക് വളരെയധികം ആവേശമായി . അച്ഛൻ പണി കഴിഞ്ഞു വരുമ്പോൾ സമ്മാനമായി ഒരു മഞ്ഞ നിറത്തിൽ രണ്ട് കൊമ്പുള്ള മനോഹരമായ കുട. അവൾ അത് പിടിച്ച് എല്ലാവർക്കും കാണിച്ചു. അടുത്ത ദിവസം സ്കൂളിലേക്ക് പോവാൻ അവൾ വളരെ തിടുക്കപ്പെട്ടു. രാവിലെ മീനവിനേയും വിളിച്ച് സ്കൂലിലേക്ക് പോവുമ്പോൾ അഛൻ തന്ന സമ്മാനത്തെ കുറിച്ച് പറഞ്ഞു നടന്നു. ക്ളാസിലെത്തിയപ്പോൾ അന്ന് പരിഹസിച്ച കുട്ടികൾക്ക് എതിരെയായി പുതിയ കുട അഹങ്കാരത്തോടെ കാണിച്ചു കൊടുത്തു. എല്ലാവരും അവളുടെ കുടയെ അസൂയയോടെ നോക്കി. അച്ഛൻ തന്ന ആ സമ്മാനം അവളുടെ ആത്മാഭിമാനം തിരിച്ചു നൽകിയതാണ്. അതുകൊണ്ട് ആ കുടയെ അവൾക്ക് വളരെ ബഹുമാനമാണ്.



**അഹല്യ എ**
**9 D**

# ഉണ്ണികണ്ണൻ



ആരിത്?
ഉമ്മറകോലായിൽ തൂണംചാരിനിൽക്കുന്നു?
നമ്ര ശിരസ്സോടെ ഉണ്ണികണ്ണൻ!
കണ്ണനീർ പളുങ്കുകൾ ചിതറിതെറിക്കുന്നു
കൺതടം കാർമേഘത്തിൻ-
പാളിപോൽ ഇരുളുന്നു.
മകനേ- ആരാഞ്ഞമ്മ,
"ഹേതുവെന്താണീ മനം വിതുമ്പാൻ?"
തേങ്ങുന്നുവോ?
ചെയ്തുപോയബദ്ധത്തിൽ
നീറുന്നൊരിളം പൈതൽ.
തെല്ലൊരു കുസൃതി കൈ കാണിച്ചതാണീ-
നെഞ്ചം തകർന്നു- തനിച്ചായ് ഞാൻ
നിഴലും ഭയന്നേപോയ്.
എന്തിത്?
മുഖങ്ങളിൽ രൗദ്രഭാവങ്ങൾ മാത്രം
മഞ്ഞുപോൽ മരവിച്ച മേനിയും മനതാരും.
മോഹങ്ങൾ ഒന്നൊന്നായി കൊഴിഞ്ഞു,
കരിഞ്ഞേപോയ്,
സ്നേഹത്തിനമൂട്ടാൻ ആരുമേയില്ലെന്നായോ?
തേൻ ചോരും പാൽപുഞ്ചിരിയിൽ
അമരാൻ കൊതിപൂണ്ട-
ചെണ്ടുമല്ലികൾ പോലും ദീക്ഷിപ്പൂ മൗനം മാത്രം!
കുറ്റബോധത്തിൻ,
നെരിപ്പോട്ടുകളാളികത്തി,
എരിയുന്നമ്മേ,
കൊടും കാറ്റായി നിശ്വാസവും.
ചെയ് വതില്ലിനി ഞാനീ തെറ്റുകൾ ഒരിക്കലും,
ചിന്തിച്ചു സൽ ബുദ്ധിയിൽ
കേണകൊണ്ടുണ്ണികണ്ണൻ.
കാതുകൾ കൊതിക്കുന്നു, കണ്ണുകൾ ദാഹിക്കുന്നു
ഒത്തിരി നാളായ് എന്നിൽ
"അന്യമായ് വിദ്യാലയം."

ആരിത്?
മകനേ നീ, നെഞ്ചത്തു കൈവച്ചമ്മ
തേങ്ങിയോ! മഹാജ്ഞാനീ-
ജ്ഞാനമാണിത്, വ്യഥാ കേഴാതെയിന്നെന്നുണ്ണി
കുളിർത്തു മനം-, എൻെറ-
മകനെ കണ്ടെത്തി ഞാൻ!



**സ്വർണലക്ഷ്മി (അധ്യാപിക)**

# SOMETHING SPECIAL



A monday morning in the month of June. "Nature was abundant with heavy shower.... The birds, leaves, flowers and... all creatures were enjoying the god's great blessings..."

It was a working day for the school. She took the attendance register of IX B . Climbing the stairs, her mind was planning the lesson to be taught'....In the first period it was English for the class IX B. Her mind got struck on 'dairy writing'.

The veranda was very noisy. The presence of the teacher led all children to their concerned classes. All the children in IX B were busy doing some written work.

"Good morning Teacher", in chorus, welcomed her to the class. With a usual pleasant smile she responded "Good morning dears, sit down." A positive energy passed on to the students through her moonlit smile.

"Now I will take the attendance" she said. It was special about her that she didn't need an attendance register. Her lips would automatically utter the names ...in correct order...without fail.

'Oh! Nobody is absent today '-congrats". The words of appreciation at right time makes her loved by all the children .

"Now we are moving on to our lesson". "Today I am going to teach you something new" . "Let us all discuss about our birthday celebrations that we had at least once.... Share your ideas, after that you will write a diary entry about how you celebrated your birthday .OK? Let us start."

Children were so happy. Some said about their grand party at home , distribution of chocolates to friends, wearing new frock,going to temples,park etc....really a happy discussion was going on...

"All of you write your experiences now" she told.

The whole class was so silent as all were busy to write. But there was some confusion at the back bench of the boys. "Mam' " Hari is crying " ... some one said. Everybody's eyes turned to him . "What happened Hari ?" she asked "Teacher",... his voice was trembling... his voice broke while he was talking. "I don't know how to write this diary because...because...I never had such an experience in my life . I mean ...I had not celebrated my birthday not even once". Tears rolled down his cheeks...

As it was June, the rain was pouring its blessings on the earth. The Green earth was full of joy...Nature itself felt cool and pleasant. But ... the whole cheerfulness in the class faded away soon. Deep silence conquered the class. Teacher became tongue tied. She could not console him at that moment...what next? She was in a dilemma. There was a shower of sorrow inside her heart.

The simple hug of the teacher awakened him from crying. " Get relaxed my boy. We can talk later." She consoled him.

Days passed, after two weeks ... The same english period. As usual Hari came to the class. But he felt something unusual on that day. Of course he was a little bit late. " Did the bell ring?" he asked himself. "Nobody is seen outside the class; no sound from within." He just pushed the door..."Vow... all his friends shouted at him happily. The whole class was decorated...on the table there was a candle burning. Near it a big cake and something wrapped in colour paper... The Teacher's voice welcomed him to the table. He was so shocked to see all this. He was told to cut the cake. His friends clapped and sang together. "Happy b'day to you...happy b'day to you..."Their wishing song could not make him laugh but only cry...his eyes got wet with tears...It was his birth day... tears of happiness turned the candleoff.

He looked around when he gave the piece of cake to his teacher, his lips murmured..."teacher, I will never forget this in my life... Tonight I will write my diary..."

That was something special for him....the best birthday gift he ever had !!

Hari's teacher looked out through the window. She was enjoying the beauty of rain... with her heart full of joy and satisfaction...!!! "I could do something special ..." still that pleasant smile remained on her face...she saw a rainbow smiling at her from the farthest of the sky...! That was something special for her.

**Srikala V K**
**HST English**



വര:- അഖിൽ എ




Akash. R


Habeeb Muhammad. A






















ART
BY
VISHNU.M
VIII-E
MASHM ELLOW



വര:- അഖിൽ എ





വര:- അഖിൽ എ



# Tongue Twisters



1. Fresh Fried Fish, Fish Fresh Fried, Fried Fish Fresh, Fish Fried Fresh
2. Nine nice night nurses nursing nicely.
3. A tidy tiger tied to tie lighter to her tidy ting tail.
4. A big black bug bit a big black bear, made the big black bear bleed blood.
5. Six sick hicks nick six slick bricks with pick and sticks.
6. She said she should sit.
7. She sees cheese.
8. We surely shall see the sunshine soon



# SEE THIS MAGIC ?

What is your age?
Multiply it by 259 first, Then multiply it by 39. See, what happens!
The product is of course a number in which your age appears 3 times

Eg . if your age is 15,
Then 259 * 15 =3885
Again 3885 * 39 =<u>15 15 15</u>
Friends, try them.
And enjoy the <u>mathemagic.</u>

**Safa H**
**8 E**

# एक सपने



एक बार की बात है, एक शहर में एक लड़का रहता था।, स्कूल से आने के बाद वह अपने पिता के साथ काम पर जाया करता था। उसके पिता एक घोड़े के अस्तबल मे काम करते थे। वह लड़का रोज ही देखता और सोचता था कि किस तरह उसके पिता इतनी मेहनत करते है लेकिन फिर भी उन्हें वो मान सम्मान कभी नहीं मिलता जो उस अस्तबल के मालिक समाज में खूब इज्जत पाता है। एक दिनउसके स्कूल में उसके शिक्षक ने सभी बच्चों को एक लेख लिखाकर लाने के लिए कहा, उस लेख में सभी बच्चों को यह लिखकर लाना था कि वे बड़े होकर कया बनने चाहते है और उनका क्या सपना है? अब इस लड़के ने रात भर जागकर एक बहुत ही बेहतरीन लेख लिख, जिसमें उसने लिखा कि वह बड़े होकर एक अस्तबल का मालिक बनेगा, जहां बहुत सारे घोई प्रशिक्षण लेगे और आगो अपने सपने को पूरे विस्तार से बताने हुए उसने 200 एकड़ के अपने सपनों वाले रेच की फोटो भी बना दी।

अगले दिन उसने पूरे मन से अपनालेख शिक्षक को दे दिया। शिक्षक ने सभी कॉपियां जांचने के बाद फल सुनाया और उस लड़के के लेख के लिए कोई मार्क्स नहीं दिए और उसकी कॉपी में बड़े अक्षरो से फेल लिख दिया। अब लड़का टीचर के पास गया और पूछा: अपने मुझे, मार्क्स नहीं दिन और फेल कयो कर दिया? टीचर ने कहा : अगर तुम भी बाकी बच्चों की तरह छोटा मोटा लेख लिखा तो तुम पास हो जाते लेकीन तुमने जो लिखा है वो पूरी तरह से असंभव है।तुम लोगों के पास कुछ नहीं है इसलिए जो तुमने लिखा है ऐसा संभव ही नहीं हो सकता है। तुम चाहो तो में तुम्हें एक और मौका देता हूँ, तुम कल दूसरा लेख लिख कर लाना, जिसमे कोई वास्तविक लक्ष्य बना लेना।घर जाकर लड़के ने बहुत सोचा लेकिन उसे कुछ और बनने का विचार ही नहीं आ पाया। अगले दिन उसने टीचर के पास जाकर कहा,आपको जो भी मार्क्स देना हो आप दे दीजिए लेकिन मेरा तो यही सपना है , मैं अपना सपना बदल नहीं सकता। 20 साल बाद इस लड़के ने सचमूच अपना सपना पूरा कर लिया।इस कहानी से हमें यह समझ लेना चाहिए की अगर हम कुछ करने का ठान ले और बिना विचलित हुए पूरे मन से उस लक्ष्य को पाने में आपना सारा ध्यान लगा दे तो हमे अपना सपना पूरा करने से कोई नहीं रोक सकता। सिर्फ आपके मन में खुद, के सपने के प्रति कोई शंका नहीं होना चाहिए।

Akhila.k
10.A

# MY DEAR MOM



when I think about me
I can see your face
your are there in all the happy
moments of my life.
Why I quarrel with you ?
I know, because of love
why you are the part of
my life? I don't know
when I become sad,
you make me happy
when I cry,
you wipe my tears
when I smile you are
there with your beautiful face
you are my world
you are my life
The life of happiness
begins with you ,my mom
you make my life complete
without you I'am Incomplete
I love my mom!

**Fasna K**
**8 C**





# CULTURE OF KERALA

Kerala-The Land of greenery and natural beauty, has been one of the most cultured and peace loving states in India has considerably influenced by the huge number of people from the Malayalees and Dravidian's race. Besides the three main religions of Hinduism, Christianity and Islam culture, Kerala in imminent for its diverse martial arts, exquisite dance forms, music, art and craft. Kerala has a rich cultural heritage. The traditions of Kathakali and Mohiniyattam are highly developed art forms that have developed from their folk origins into highly evolved classical dance forms.

Kerala has a rich cultural heritage. The mother tongue of Kerala is Malayalam and the natives are known as malayalees. It is believed that Parasurama is the creator of Kerala. The converted a portion of sea into land by throwing his axe. Kerala is a land of artistic people. It is famous for it carvings in metal and wood like rose wood and sandal wood. Kerala music has a procession of ragas and tales that joined together to form music for soul.



## What is the older name of Kerala

Kerala was known by the name “Chera Nadu” before it got its name. It was named so because cheras were the rules of Kerala during that time. The name Kerala emerged its name from the word “Kera” which means coconut. One popular theory derives ‘Kerala’ from ‘Kera’ and ‘alam’ land. Thus land of coconuts. This also became the nickname for the state due to abundance of coconut trees and its use by the locals. The word Kerala is first recorded as Keralaputra in 3rd century B C rock inscription left by the Maurya emperor Ashoka.

**Akshaya.AJ**
**8 E**






We all want it, we always hope for it. World peace is a universal dream, but how do we make it a reality? Every major leader and thinker have tired to bring about a peaceful era, but all of them found it hard to establish one, and even harder to maintain it from the very beginning, ever since the first war was fought, humanity has been seeking for peace and dreading war. Then why is that many parts of the world are still savaged by such striking calamities? There are many movements, conferences, brotherhoods and fraternities all over the world that promotes the idea of world peace. In spite of all this, why is world peace so hard to achieve?

The ancient battles were confined between two opposite armies. They were limited with in a field called battle field. But the modern war fare is totally different. The fight is not confined in a field or within the armies. The war-aeroplanes destroy the civilian by dropping bombs from the sky. On the 6th of August, 1945, the allied army dropped a small atom bomb on a Japanese city named Hiroshima. The whole city was destroyed with in a second. Not a single man could escape. Nagasaki, another city of japan met with the same fate on 9th August, 1945. These two bombs with the brightness of thousand suns performed their monstrous destruction. This opened the eyes of the whole world. The wise men counted that the human civilization would be ruined to bits, if a war ever takes place again. So, they are working hard to establish permanent peace in the world. Except some war-mongers, the whole world is in favour of peace.

Before we start thinking of countries and armies , we should start thinking about ourselves. May be the answer lies with in us. May be this is the first move. What have we done to make the world a better place to live in? How have we treated our brothers and our neighbours? If there something imperative in order to reach world peace it is that we must act out and it must start with us. To accomplish that, we have to feel comfortable with the way we are, the way we look and way we think. If you don't start by respecting yourself no body will.

The next step is to accept others the way they are. Everyone is just like us. We all belong to the same family; we all are made to live in peace and harmony. Accepting others for who they are will lead to a significant decrease in war rates.

Peace has to start at home. It has to be taught to us. We can grow with those ideals of peace, and leave behind the ones we currently have, those of revenge, challenge, greed and arrogance. Mutual respect and tolerance must be practised, and those can make a huge change in world. If you truly love your family, there is no way you will even think of hurting someone else's family.

World peace is an idea of freedom, peace and happiness among everyone. It is an idea of world without violence, where nations try to work with each other. Greater than personal peace is the peace of the nation and still greater is the world peace. This can be possible only when there is no war.

War means the end of mankind. We need no Nepolean, no Alexander, none of the type. We want prophets of peace. Mother Theresa once said, "spread love everywhere you go. Let none ever come to you without leaving happier"-peace begins with a smile.

**Aswani R**
**10 H**

# ഓണം



ഓണം വരുന്നേ ഓണം വരുന്നേ
ഓണത്തപ്പൻ കൂടെ വരുന്നേ
ഓണപ്പാട്ടുകൾ പാടിവരുന്നേ
ഓണക്കളികൾ കളിച്ചുവരുന്നേ
പൂക്കളിടുന്നൊരു മുറ്റത്ത്
പുലരി പുഞ്ചിരി തൂകുന്നേ
വരച്ചിട്ടുന്നൊരു വട്ടത്ത്
പല വർണപ്പൂക്കൾ വിരിയുന്നേ
ഓണം വരുന്നേ ഓണം വരുന്നേ
ഓണത്തപ്പൻ കൂടെ വരുന്നേ

**ആതിര എം**
**9 A**



**വര:അഖിൽ എ**

# Full A+...2018-19 Batch



Shaheera Banu
10 D



Aparna
10 D



Vighnesh
10 A



Adithyan
10 H



Vimal
10 D



Aadith
10 I



Athira
10 G



Rahul
10 G



Soorya Prakash
10 G

# Shining Stars ......

## Sub-district Sashtramela Winners

1. Vimal Kumar V
   -Science Still Model

2. Mislath Shamsudheen P
   - Geometrical Chart

3. Pooja.s & Sumisha.S
   - Social Still Model

4. Sariga S
   - Local History Writting

5. Aswathy M
   - Elocution

6. Aami Anne Ziya
   -Socil Science Quiz
   -Products using Rexin,Canvas and Leather

7.Sameeha K M
   -Agarbathy Making

8. Sreejith P S
   -Coconut Shell Products

9. Sneha M
   -Garment Making

10. Akhila S
   -Product using natural fibre

11. Binoy C
   -Metal Engraving

12. Ajith Kumar S
   -Screw Pine Leaves

13. Abhin M
   -Product using waste materials

14. Nighitha S
    -Puppet Making

15. Subin S
    -Sheet Metal Work

16. Afsana Almas A
    -Stuffed Toys

17. Akhil A
    -Digital Painting

18. Preethu S
    -Malayalam Typing

## Sub-District kalolsavam

1. Akhil A
   -Pencil drawing
   -oil colour
   -Water colour

2. Aami Anne Ziya
   -Malayalam kavitha Rachana
   -English kavitha Rachana

3. Nisha E K
   - Hindi Kavitha Rachana
   -Hindi Elocution

4. Snejith D
   Hindi Essay Writing

5.Nimisha M
   - Padhyam Chollall – Kannada

6. Sreelakshmi & Party
   - Urudu Group SongA



**Akhil A**
Digital Painting Competetion
State Level A Grade






# സേവനപാതയിൽ.......



# Salute to Nation......



# കുട്ടിപ്പോലീസ്........






A Healthy Me
is Drug Free!
HUGS
NOT
DRUGS
സെമിനാർ


October 21
YouCam Oct.21,2019

# Little Kites........



# സ്മാർട്ടാവാൻ അമ്മമാർ...



# യൂണിറ്റ് ക്യാമ്പ്...




# മേളത്തിളക്കങ്ങൾ.......





NEWTON SCIENCE CLUB
TELESCOPE MAKING WORKSHOP








NUMBER PATTERN
1X1=1
11X11=121
111X111=12321
1111X1111=1234321
11111X11111=123454321
111111X111111=1234565432
1111111X1111111=



# Work Experience...





## News paper reading competetion – sub district first









# Sports........






# ജി. എ. പി. എച്ച്. എസ്. എലപ്പുള്ളി



പാലക്കാട് ജില്ലാ ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിൽ 5 സ്വർണ്ണവും 2 വെള്ളിയും കരസ്ഥമാക്കി അഗ്രിഗേറ്റ് ചാമ്പ്യനും, ചാമ്പ്യൻ ഓഫ് ചാമ്പ്യൻ അവാർഡും നേടിയ NCC കേഡറ്റ് കെ. ജയകുമാറിന് അദ്ധ്യാപകരുടെയും, പി. ടി. എ യുടെയും അഭിനന്ദനങ്ങൾ....




ജില്ലാ ടെന്നീസ്
3rd..


ജില്ലാ ഖൊ ഖൊ
പെൺകുട്ടികൾ
2nd....
ആൺകുട്ടികൾ
3rd....


ഉപജില്ലാ
അത് ലറ്റിക്സ്...
അഗ്രിഗേറ്റ് ഒന്നാം
സ്ഥാനം


ജില്ലാ അത്
ലറ്റിക്സ്
ലോങ്ജംപ് 3rd..
അനുപമ


സംസ്ഥാനസീനിയർ
ആട്യാ പാട്യാ
മത്സരംBoys 2nd
Girls 3rd
എലപ്പുള്ളിയിൽ
നിന്നും 13
കുട്ടികൾ


സംസ്ഥാന
ജൂനിയർ ആട്യാ
പാട്യാ 3rd


ദേശീയ സബ്
ജൂനിയർ ആട്യാ
പാട്യാ വിജയികൾ
അനുശ്രീ &അകല്യ
Bijoy
Nipin
sooraj
ദേശീയ ജൂനിയർ
Boys 3rd

# Arts......



# വിദ്യാരംഗം.........







# ഓണാഘോഷം...







HAPPY ONAM




# പഠനയാത്ര...










class library







# വിദ്യാലയം പ്രതിഭയ്ക്കൊപ്പം...
## (- ഉടുക്ക പാട്ടുകാരൻ ശ്രീ.അരുണാചലവുമായി അഭിമുഖം)

**നമസ്കാരം സർ,**
ഞങ്ങൾ എലപ്പുള്ളി ഹൈസ്കൂളിലെ വിദ്യാർത്ഥികളാണ്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വിദ്യാലയം പ്രതിഭയ്ക്കൊപ്പം എന്ന പദ്ധതിയുടെ ഭാഗമായി എലപ്പുള്ളിയുടെ കലാകാരനെ അടുത്തറിയാനാണ് ഞങ്ങൾ വന്നത്.

*** അങ്ങ് ഏതുകലാരൂപമാണ് അവതരിപ്പിക്കുന്നത്?**
ഉടുക്കപ്പാട്ടാണ് അവതരിപ്പിക്കുന്നത്.

*** ഏതൊക്കെ പാട്ടുകളുടെ കൂടെയാണ് ഉടുക്ക കൊട്ടുന്നത്?**
മാരിയമ്മൻ പാട്ട്, അയ്യപ്പൻ പാട്ട്, ചിലപ്പതികാരം കോവിലൻ പാട്ട്, ചിരിതുണ്ടൻ കഥ.

*** അമ്പലങ്ങളിൽ മാത്രമാണോ ഇത് അവതരിപ്പിക്കുക?**
അമ്പലങ്ങളിൽ മാത്രമല്ല അമ്പലപരിസരങ്ങളിലും, മരണവീടുകളിലും രാത്രികാലങ്ങളിൽ അവതരിപ്പിക്കുന്നുണ്ട്.

*** പരമ്പരാഗതമായി അവതരിപ്പിച്ച് വന്നതാണോ ഇത്?**
മുത്തശ്ശനും അച്ഛനുമൊക്കെ അവതരിപ്പിച്ചിരുന്നു ഞാൻ ഒൻപതാം ക്ലാസ്സിൽ നിങ്ങളുടെ സ്കൂളിൽ പഠിക്കുമ്പോൾ അച്ഛന് തളർവാതം പിടിപെടുകയും അന്നുമുതൽ ഞാൻ ഈ കല ഏറ്റെടുക്കുകയും ചെയ്തു.

*** ഏതു സമുദായക്കാരാണ് ഇതവതരിപ്പിക്കുന്നത്?**
ഞങ്ങൾ വീരശൈവജംഗം സമുദായത്തിൽപ്പെട്ടവരാണ്. ആന്ധ്രയിലെ വിജയവാഡയിൽ നിന്നു വന്നവരാണ് ഞങ്ങളുടെ പൂർവ്വികർ. സുന്ദരപാണ്ഡ്യ രാജാവിന്റെ കാലത്ത് പഴനിയിൽ കുടിയിരുത്തി അവിടുന്ന് കേരളത്തിൽ കുടിയേറി. ഞങ്ങളുടെ മാതൃഭാഷ തെലുങ്കാണ്.



*** ഏതൊക്കെ അംഗീകാരങ്ങൾ അങ്ങേയ്ക്ക് ലഭിച്ചിട്ടുണ്ട് ?**

കേരള ഫോക് ലോർ അക്കാദമിയുടെ അവാർഡുകൾ, ചെമ്പൈ സംഗീത നാടക അക്കാദമിയുടെ ആദരവ്, തലശ്ശേരി ബ്രണ്ണൻ കോളേജിൽ വെച്ച് മന്ത്രി എ.കെ. ബാലന്റെ കൈയിൽ നിന്ന് പുരസ്കാരവും ക്യാഷ് അവാർഡും ലഭിച്ചു.

*** ഞങ്ങളുടെ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥി എന്നറിഞ്ഞതിൽ വളരെ അഭിമാനമുണ്ട്. വിദ്യാർത്ഥികളായ ഞങ്ങൾക്ക് തരാനുള്ള സന്ദേശം എന്ത് ?**

വിദ്യാർത്ഥികൾ പഠനത്തോടൊപ്പം നാടൻ കലകളെയും പ്രോത്സാഹിപ്പിക്കുക, ഏതു ജോലി കിട്ടിയാലും കൃഷിക്ക് ഇടവിള എന്ന പോലെ കലയും കൂടെയുണ്ടാവണം.


*** താങ്കൾ അടുത്ത തലമുറയ്ക്കും ഇത് പകർന്നുകൊടുത്തിട്ടുണ്ടോ?**

എന്റെ മകൻ അയ്യപ്പൻപാട്ട് പാടും. താത്പര്യമുള്ളവർക്കൊക്കെ ഞാൻ പഠിപ്പിച്ചുകൊടുക്കുന്നുണ്ട്. ഇനിയെനിക്കൊരാഗ്രഹമുള്ളത് ഞാൻ പഠിച്ച എലപ്പുള്ളി സ്കൂളിൽ എന്റെ കല അവതരിപ്പിക്കണം. തീർച്ചയായും ഞങ്ങൾ അതിനൊരവസരമുണ്ടാക്കും സർ. ഇത്രയും സമയം ഞങ്ങളൊടൊപ്പം ചെലവഴിക്കുകയും ഒരുപാടു കാര്യങ്ങൾ പങ്കുവയ്ക്കുകയും ചെയ്തതിന് വളരെ നന്ദി സർ.

**--തയ്യാറാക്കിയവർ : ശ്രീലക്ഷ്മി എസ്, ഫാത്തിമ ഫർഹാന 9E**

# THE STORY OF ME---------

The banished light came creeping
through the windows
lighting her face.
I remember her from the old tales
having the sun shines warm smile
And the shines of moon in her eyes
with her hair flowing wild and crazy
but....
As the light touched her face
all the stories shattered
All the thoughts were burned away
it seemed as if from a
broken dream
Cause she was crying
Tears gushed down her cheeks
As if trying to form a river
Longer than The Nile.
All those tears told a story of their own
The stories of mountains and meadows
The story of sky and air
The stories of flowers and stones
All broken and shattered
It all seemed new to me
New stories to my ears
In the end,
She told me the story of me



**Aami Anne Ziya 10 B**
**(Sub-district first prize)**

# THOUGHTS



1. 'Don't miss chances'
   chances are the opportunity to do anything In our life

2.There is no alarm needed.
   My passion wakes me

3. Life is like a book,
   there are so many characters and many chapters.

**Sabareesh.S**
**10 B**




## BEHIND THE SMILE

Seek the light
from the dark,
See the love
from the fight,
Know the pain
behind the smile.

Gayathri Hareesh
10 B




# ഗണിതം ഓട്ടൻതുള്ളൽ



ഓട്ടംതുള്ളലിൽ പലതും പറയും
അതുകേട്ടാരും പരിഭവമരുതേ.
ഗണിതം പലവിധമുണ്ടെന്നാലും
അതുകണ്ടാരും പേടിക്കേണ്ട.
അന്നൊരുനാളിൽ ക്ലാസിൽ കയറി
ഗണിത കഥയുര ചെയ്തുമാസ്റ്റർ
സംഖ്യകൾ എങ്ങിനെയുണ്ടായെന്നും
അങ്ങിങ്ങായ് അത് വരയിൽകിടപ്പൂ.
സങ്കലനം, വ്യവകലനം,ഗുണനം
ഹരണം, ക്രിയകളിതിങ്ങനെ നീളും
ഭിന്നകമുണ്ട്, അഭിന്നകമുണ്ട്
അനുപാതത്തിൻ റൂളുകളുണ്ട്
ഒന്നുംതന്നെ തലയിൽ കേറാ-
തങ്ങോട്ടിങ്ങോട്ടോടി നടപ്പൂ.
ഇനിയിതു വയ്യേ, കഷ്ടമിതയ്യോ
ക്ലാസ്റൂമുകളിൽ മർമ്മരശബ്ദം
ഗണിതം മധുരമതാക്കുന്നതിനായ്
ഓടിനടക്കുന്നധ്യാപകരും
ഗണിതകിറ്റുകൾ ഒന്നൊന്നായി
ക്ലാസ്റൂമുകളിൽ വിതരണമല്ലോ.
കോമഡിയൂറും ചുവടുകൾവച്ച്
അധ്യാപകരും സുന്ദരനടനം.





കേൾക്കാനെന്തൊരു രസമെന്നാലും
തലയിലിതൊന്നും കേറുന്നില്ല.
കല്ലുകൾ, ചരടുകൾ, ഈർക്കിലുകളുടെ
ക്രമ്പാരങ്ങൾ ക്ലാസ്മുറിയിൽ
പ്രോജക്ടുകളും, അസൈൻമെന്റും
സെമിനാറുകളും, പരിപാടികളും
ഗണിത കടലിൽ മുങ്ങിത്തപ്പിയ
ശാസ്ത്രജ്ഞരുടെ കഥകൾ കേട്ടും
ഗണിതപൂമ്പൊടിയേൽക്കാൻ ഞങ്ങൾ
ഓടിനടന്നു നാളുകൾ പലതും
അധ്യാപകരുടെ ശാക്തീകരണ-
കോഴ്സുകളിന്ന് കൊടുംമ്പിരിയായി
എല്ലാം കണ്ടും കേട്ടും ഞങ്ങൾ
ഗണിതപുരയുടെ വാതിലിലെത്തി
അയ്യോ- സീബ്രകൾ ഓരോന്നായി
Algebra യിലങ്ങോടിനടപ്പൂ.
കൊമ്പൻ ജ്യാമിതി ടൂളുകളായി
കൊമ്പു കുലുക്കി മുന്നിലിതയ്യോ.
വേണ്ട, വേണ്ട പേടിച്ചോടാൻ
സമ്മതമില്ലിനി, നിന്നുതരില്ല
അധ്യാപകരുടെ കൈയ്യും മനസ്സും
എന്നും ഞങ്ങടെ ശക്തികൾ അല്ലോ.

**സ്വർണലക്ഷ്മി (അധ്യാപിക)**

# A മുതൽ Z വരെയുള്ള കഥ

വീട്ടിൽ Aലി ശല്യം. ഒരു ദിവസം അലമാരയിൽ വെച്ചിരുന്ന Bസ്കറ്റ് മുഴുവൻ അവർ തിന്നു തീർത്തു. അപ്പോൾ Cന്ധു മോൾക്ക് കലിവന്നു.അവൾ അനിയൻ Dങ്കുവിനെ വിളിച്ചു. എന്നിട്ട് Eലയിൽ പൊതിഞ്ഞു വച്ചിരുന്ന എലി വിഷം എടുത്തു. ജോസF ചേട്ടന്റെ കടയിലെ ജിGയും Hച്ചാജിയും പറഞ്ഞത് കുറേ കഴിയുമ്പോൾ എലികൾ പൊക്കോളും.ഡിങ്കു പറഞ്ഞു Iയ്യട കുറെ പോകും, ഈ Jന്തുക്കൾ പോവില്ലന്നേ നീ Kട്ടോ. Lസ്സിയുടെ വീട്ടിൽ വിഷം വച്ചാണ് എലിയൊക്കെ ചത്തത്. ഇല്ല ഇവയെ കൊല്ലാൻ ഞാൻ സമ്മതിക്കില്ല. അവൻ കട്ടായM പറഞ്ഞു. അപ്പോൾ Nജിനിയറായ അവരുടെ അച്ഛൻ വന്ന് കാര്യം Oക്കെ ചോദിച്ചറിഞ്ഞു. Pന്നെ പറഞ്ഞു രണ്ടു പേരും വഴക്കു വേണ്ട. ദാ മോൾക്ക് Qടെക്സ് വാങ്ങിയിട്ടുണ്ട്. മോന് ഷൂസും ഇനി Rക്കം പിണക്കം വേണ്ട. അച്ഛൻ അവരെയും കൂട്ടി മാരുതി Sസ്റ്റീം കാറിനടുത്തെത്തി. ഞാൻ നിങ്ങളെ ഒരു സ്ഥലത്തേക്ക് കൊണ്ടു പോകുന്നുണ്ട്. അച്ഛൻ പോക്കറ്റിൽ നിന്ന് Tക്കറ്റ് എടുത്തു കാണിച്ചു.അപ്പോൾ പുറത്തുപോയിരുന്ന അമ്മയുമെത്തി. അമ്മയുടെ മക്കൾ ഒരു Uദ്ധത്തിന് ബഹളംVളിച്ച് നിൽക്കുമ്പോഴാ ഞാൻ വന്നത് അല്ലെങ്കിൽ ജോർജ് Wബുഷിനേയും സദാമിനേയും പോലെ യുദ്ധം തുടങ്ങിയേനെ അച്ഛൻ പറഞ്ഞു. മഹാവികൃതികളാ ഇന്നാൾ വീണ് കാലൊടിച്ച് Xറേ എടുത്തത് ഓർമ്മയുണ്ടോ? അമ്മ ദേഷ്യപ്പെട്ടു. അല്ലേ! ഇവരിപ്പം നല്ല കുട്ടികളാ. Yകാതെ എല്ലാവരും കാറിൽ കയറി Zoo കാണാൻ പുറപ്പെട്ടു.

**ആര്യ. ജി**
**8 C**

# Dr. A.P.J. ABDUL KALAM
# SHORT ESSAY



He was popularly known as Missile Man of India and also he was a teacher, scientist and people's president. He rose from humble beginnings, encouraged himself to all, especially youngsters. He truly believed in the power of the youth to transform India and he knew the crucial role teachers plays in shaping their future. Perhaps that's why he had said in his interview, "If the people remember me as a good teacher, that will be the biggest honour for me.... Teaching is a very noble profession that shapes the character, calibre and future of an individual..." Kalam contributed immensely both as a scientist and as a president. A strong advocate for India's self reliance in defence technologies, he was at the forefront of the country's efforts to develop space programme. In 1980, under his guidance as project director, the Rohini satellite was successfully put into orbit using the first indigenously made launch vehicle S L V- 3.

He was born on October 15, 1931, in Rameswaram in Tamil Nadu, Kalam spent his childhood in the temple town. He joined the D R D O after studying physics and aerospace engineering. Initially focus on defence and space research. He later moved on to the country's Missile programme. His contribution towards the development of ballistic Missiles earned him the name. "Missile man of India." Kalam was a great source of inspiration to children. He won several prestigious awards including the Bharat Ratna , had many inspiring thought to share with the children. Kalam, who assumed office as the 11th president in July 2002,was the first scientist to occupy the Rashtrapati Bhavan. He was in office till 2007. Respected by one and all, he came to be fondly called the people's president. His busy schedule as president never obstruct him from spending time with student community. When Kalam visited the International space Development Conference at San Diego, California, a group of Indian students spotted him at the dining table. Without hesitation he asked them to eat from his plate. One student took a leaf of spinach from the salad from his plate and later he considered it to be a leaf of inspiration from the humble president. He loves nature very much. Even minutes before his end on July 27,2015 at the IIM Shillong. Kalam was delivering a lecture to students.



**Mridula. M**
**8 E**



# BACK TO MY HAPPY LIFE......

I Wake up in dark light
I was alone for a while
I tried to got back
but i failed in my life.
I CRIED A LOT
but i learn a lesson
that life is a day with
dark and light....
I believe in that and
I am sure about that
once I will get
back to my HAPPY LIFE

**SHIBIN LAL K**
**10.B**





## 'ഒരു കുടയും കുഞ്ഞിപെങ്ങളും' – വായനക്കുറിപ്പ്



പ്രശസ്ത കഥാകാരനായ ശ്രീ മുട്ടത്തുവർക്കിയുടെ അതിമനോഹരമായ നോവലാണ് 'ഒരു കുടയും കുഞ്ഞിപെങ്ങളും'. മലയാളബാലസാഹിത്യത്തിൽ എന്നും തിളങ്ങി നിൽക്കുന്ന രചനയാണിത്. സ്നേഹബന്ധങ്ങളുടെ മഹത്വത്തിലേക്ക് കുട്ടികളെ കൈപിടിച്ച് നയിക്കുന്ന ഈ കഥയും ഇതിലെ കഥാപാത്രങ്ങളും എന്നും മായാതെയും മങ്ങാതെയും ഹൃദയസ്പർശിയായി തങ്ങിനിൽക്കുന്നതാണ്. കേരളത്തിലെ ജനപ്രിയ എഴുത്തുകാരനായിരുന്ന മുട്ടത്തുവർക്കിയുടെ ലളിതവും സുന്ദരവുമായ കഥാവതരണരീതി കുട്ടികളെയും മുതിർന്നവരെയും ഒരു പോലെ ആകർഷിക്കുന്നു.

ലില്ലിയും ബേബിയുമാണ് ഈ കഥയിലെ പ്രധാന കഥാപാത്രങ്ങൾ. മാതാപിതാക്കളുടെ സ്നേഹം തിരിച്ചറിയും മുമ്പ് അവരെ നഷ്ടപ്പെട്ടതിനു ശേഷം ഈ പാവം കുട്ടികളെ ക്രൂരമായി ദ്രോഹിക്കുന്ന ഇവരുടെ പേരമ്മയാണ് ഇവരെ നോക്കുന്നത്. ഗ്രേസി എന്ന ധനികകുമാരി മഴ പെയ്തപ്പോൾ പാവം ലില്ലിയെ കുടയ്ക്കുള്ളിൽ കയറ്റിയുമില്ല. അവളെ അപമാനിക്കുകയും ചെയ്തു. ലില്ലിയുടെ സങ്കടം ബേബിയെ അറിയിച്ചപ്പോൾ അവൻ ഗ്രേസിയെ ശിക്ഷിച്ചു. ലില്ലിക്ക് ഒരു പുത്തൻകുട വാങ്ങിച്ച് കൊടുക്കുമെന്ന വാശിയിൽ ബേബി നാടുകടന്നു. അവിടെ ബേബി ബാലൻ എന്ന പേരിൽ അറിയപ്പെടുന്നു. സൗദാമിനി എന്ന സംഗീത അധ്യാപിക അവനോട് കരുണ തോന്നി അവനെ അനുജനായി കണ്ട് വീട്ടിലേക്ക് കൊണ്ടുപോയി. ബേബി നാടുകടന്നതോടെ ലില്ലിയെ പേരമ്മ ദ്രോഹിക്കാൻ തുടങ്ങി. ഈ ക്രൂരത സഹിക്കവയ്യാതെ അവളും നാടുവിട്ടു. അവിടെയുണ്ടായിരുന്ന ഡോ.ജോൺ എന്ന നല്ല വ്യക്തി അവളെ മകളായികണ്ടു. അവളെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോയി അയാളുടെ മക്കളോടൊപ്പം അവളെ കളിപ്പിച്ചു ചിരിപ്പിച്ചു. അവൾ സന്തോഷവതിയായി. പക്ഷെ ലില്ലിയുടെയും ബേബിയുടെയും മനസ്സിൽ ഒരു വിങ്ങൽ മാത്രം ബാക്കിയായി. ലില്ലിക്ക് തൻെറ ചേട്ടൻ എവിടെയുണ്ടെന്ന സങ്കടവും കൊച്ചനുജത്തിയുടെ പിരിയലും രണ്ടുപേർക്കും സഹിക്കാൻ പറ്റില്ലായിരുന്നു . ബേബി ലില്ലിയെ കണ്ടുപിടിച്ച് അവൾക്ക് ഒരു പുത്തൻ കുട സമ്മാനിക്കുകയും ചെയ്തു. എല്ലാവരും ആ സഹോദരീസഹോദരനെ മനസ്സിലാക്കുകയും ചെയ്തു.

"ആങ്ങളും പെങ്ങളും തമ്മിലുള്ള സ്നേഹം അത് എല്ലാറ്റിലും വലുതും ഏറ്റവും വിശുദ്ധവും ഒരിക്കലും അവസാനിക്കാത്തതുമാണ്. മനുഷ്യഹൃദയത്തിൽ ആ അമൂല്യമായ സ്നേഹത്തെ നിക്ഷേപിച്ച ഈശ്വരൻ എത്രയോ സ്നേഹമുള്ളവനായിരിക്കണം." ഈ വാചകങ്ങളാണ് എന്നെ ഈ അതിമനോഹരമായ കൃതിയിലേക്ക് ആകർഷിച്ചത്.

**ഭദ്ര ബി**
**9 D**

സർഗസൃഷ്ടിയുടെ ഈ മഷിത്തണ്ട്
യാഥാർത്ഥ്യമാക്കാൻ സഹായിച്ച എല്ലാ
വിദ്യാർത്ഥികൾക്കും മാർഗനിർദേശം
നൽകിയ  അധ്യാപക സുഹൃത്തുക്കൾക്കും
ഒരായിരം നന്ദി...

സ്റ്റാഫ്  എഡിറ്റേർസ്




ഡിജിറ്റൽ മാഗസിൻ താളുകളിലേക്ക് പകർത്താൻ സഹായിച്ച സ്കൂളിലെ പൂർവ്വവിദ്യാർത്ഥിയായ ശ്രീ. ഉണ്ണിക്കുട്ടന് ഒരായിരം നന്ദി.

# Presented by...



# Little kites 2019-2020 Batch





സ്ക്കൂൾ മാഗസിൻ 2019-2020
മഷിത്തണ്ട്